# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *422 21.03.2018-ൽ മറുപടിക്ക്

## അനധികൃതമായി നടത്തി വരുന്ന കായികപരിശീലനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡി. കെ. മുരളി<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. വി.കെ.സി. മമ്മത് കോയ<br>ശ്രീ. പി. ഉണ്ണി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വർഗ്ഗീയ സംഘടനകൾ അനധികൃതമായി നടത്തി വരുന്ന കായിക പരിശീലനം, മാസ്ഡ്രിൽ എന്നിവ സംസ്ഥാനത്ത് അവസാനിപ്പിക്കാൻ നടപടിയെടുക്കുമോ; | (എ) സംസ്ഥാനത്ത് പോപ്പുലർ ഫ്രണ്ട്, ആർ.എസ്.എസ് പോലുള്ള സംഘടനകൾ മാസ്ഡ്രിൽ നടത്തുന്നതായും, ആർ.എസ്.എസ് ശാഖകളിൽ ദണ്ഡ് ഉപയോഗിച്ച് പരിശീലനം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതമായി ഇത്തരം പരിശീലനം നടത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) കായിക പരിശീലനം നൽകുന്നതിന് വ്യക്തികളും കായിക സംഘടനകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും പാലിച്ചിരിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) കേരളാ പോലീസ് ആക്ട് 2011 ലെ 73-ാം വകുപ്പ് പ്രകാരം കായിക പരിശീലനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് നിർണ്ണയിച്ചിട്ടുള്ള അധികാരപ്പെട്ട യാളുടെ അനുമതിയില്ലാതെ അക്രമണമോ സ്വയംരക്ഷയോ സംബന്ധിച്ച അഭ്യാസ രീതികൾ ഉൾക്കൊള്ളുന്ന കായിക പരിശീലനം സംഘടിപ്പിക്കുവാനോ പങ്കെടുക്കുവാനോ പാടുള്ളതല്ല. ഇതിനായി, തന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള കെട്ടിടമോ പരിസരമോ പെർമിറ്റില്ലാതെ ആർക്കും അനുവദിച്ചു നൽകാനും പാടുള്ളതല്ല. |

ഇത് പരിശോധിക്കുന്നതിന് ഒരു സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന് അധികാരമുണ്ട്. ജില്ലാ മജിസ്ട്രേറ്റിന് പൊതു സമാധാനമോ പൊതു സുരക്ഷയോ ക്രമസമാധാന പാലനത്തിനോ വേണ്ടി കേരള പോലീസ് ആക്ടിലെ 75- ാം വകുപ്പ് പ്രകാരം മാസ് ഡ്രിൽ നിരോധിക്കുന്നതിന് അധികാരമുണ്ട്. ഈ നിരോധനം ആവശ്യമാണെന്ന് കരുതുന്നപക്ഷം വിജ്ഞാപനം മുഖേന ദീർഘിപ്പിക്കാൻ സർക്കാരിനും അധികാരമുണ്ട്.

(സി) ചില ആരാധനാലയങ്ങളുടെ പരിസരം, ചില സ്കൂൾ വളപ്പുകൾ, സ്വകാര്യ വ്യക്തികളുടെ സ്ഥലം, ആളൊഴിഞ്ഞ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശാഖകളെന്ന പേരിൽ നടത്തുന്ന ആക്രമണ പരിശീലനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയമവിരുദ്ധമായ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(സി) യും (ഡി) യും സംസ്ഥാനത്ത് ചില ആരാധനാലയങ്ങളുടെ പരിസരം, ചില സ്കൂൾ വളപ്പുകൾ, സ്വകാര്യ വ്യക്തികളുടെ സ്ഥലം, ആളൊഴിഞ്ഞ സ്ഥലങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ആർ.എസ്.എസ് സംഘടന നടത്തുന്ന ശാഖകളിൽ ദണ്ഡ് ഉപയോഗിച്ച് പരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവിരുദ്ധമായ ചെയ്തികൾക്കെതിരെ കർശന നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി പോലീസ് ആക്ട് 2011-ലെ ബന്ധപ്പെട്ട വകുപ്പുകൾക്കനുസൃതമായി ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ